## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** — **09-10-2024 - ൽ മറുപടിയ്ക്ക്**

### കുണ്ടറ നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ റോഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ടെങ്കിൽ അതിൽ ഓരോന്നിന്റെയും കാരണം എന്തെന്ന് വിശദമാക്കാമോ? | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

| | | | |
|---|---|---|---|
| 1 | പെരിനാട് ഗ്രാമപഞ്ചായത്തിലെ കേരളപുരം ജംഗ് ഷൻ മുതൽ ചന്ദനത്തോപ്പ് ഐ.റ്റി.ഐ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട മെയിൻ റോഡിന്റെ ചെയിനേജ് 0 മുതൽ 1674 വരെയുള്ള ഭാഗത്തെ New formation road, GSB, WMM, BM, Partition wall, Cross drain എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. എന്നാൽ 2 ബൈറോഡുകളുടെ നിർമ്മാണവും BC യും side concrete പ്രവൃത്തിയും പൂർത്തീകരിക്കാനുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ ചെയ്യുകയും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചുവെങ്കിലും കരാറുകാരൻ ബഹു: ഹൈക്കോടതിയെ സമീപിച്ച് കരാർ റദ്ദാക്കിയ നടപടിയ്ക്ക് സ്റ്റേ വാങ്ങുകയുണ്ടായി. തുടർന്ന് വന്നിട്ടുള്ള കോടതി വിധി പ്രകാരം കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. |
| 2 | പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇളമ്പള്ളൂർ മുതൽ കേരളപുരം ജംഗ് ഷൻ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട മെയിൻ റോഡിന്റെ ചെയിനേജ് 0 മുതൽ 226 വരെ കോൺക്രീറ്റ് റോഡിൽ 1:2:4 wearing coat പ്രവൃത്തിയും ചെയിനേജ് 226 മുതൽ 2000 വരെ GSB, WMM, BM എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടി റോഡിന്റെ ചെയിനേജ് 2000 മുതൽ അവസാന ഭാഗം വരെയുള്ള New formation road, protection wall, മെയിൻ റോഡിന്റെ BC എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കത്തിതനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ ചെയ്യുകയും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചുവെങ്കിലും കരാറുകാരൻ ബഹു: ഹൈക്കോടതിയെ സമീപിച്ച് കരാർ റദ്ദാക്കിയ നടപടിയ്ക്ക് സ്റ്റേ വാങ്ങുകയുണ്ടായി. തുടർന്ന് വന്നിട്ടുള്ള കോടതി വിധി പ്രകാരം കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. |
| 3 | പെരിനാട് ഗ്രാമ പഞ്ചായത്തിലെ സ്വാമിക്കട ജംഗ് ഷൻ മുതൽ മഞ്ചാടിമൂല കടത്ത്കടവ് വരെയുള്ള റോഡിന്റെ | | ടി പ്രവൃത്തിയിൽ സൈഡ് കെട്ട്, ക്രോസ് ഡ്രെയിൻ, ഫില്ലിംഗ് എന്നീ പ്രവൃത്തികൾ ഭാഗീകമായി മാത്രമാണ് പൂർത്തീകരിച്ചത്. കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ |

| | | | |
|---|---|---|---|
| | നിലവാരമുയർത്തൽ പ്രവൃത്തി | | കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കിയിരുന്നു. കരാറുകാരൻ പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികൾ സൈറ്റിൽ എത്തിച്ച് പ്രവൃത്തി സമയബന്ധതമായി പൂർത്തീകരിക്കുമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ റദ്ദാക്കിയ നടപടി റിവോക്ക് ചെയ്തു. പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 4 | പേരയം ഗ്രാമ പഞ്ചായത്തിലെ ബ്രൂണോ ബർണാഡ് മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം | | ടി പ്രവൃത്തിയുടെ തുടക്കഭാഗം മുതൽ ഏകദേശം 326 മീറ്റർ നീളത്തിൽ protection wall ന്റെ പ്രവൃത്തിയും, ഫില്ലിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ടി റോഡിന്റെ അവസാന ഭാഗത്ത് വരുന്ന retaining wall ന്റെ പ്രവൃത്തിയും പുരോഗതി കൈവരിച്ചിട്ടുണ്ട്. എന്നാൽ ഈ റോഡിന്റെ മദ്ധ്യഭാഗത്ത് റോഡ് പ്രവൃത്തിക്കായി സ്ഥലം വിട്ട് നൽകുന്നതിനായി കോടതി വ്യവഹാരങ്ങൾ നിലനിന്നിരുന്നതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിൽ റോഡിന്റെ അവസാനഭാഗത്തെ സ്ഥലതർക്കം പരിഹരിച്ച് സംരക്ഷണഭിത്തി നിർമ്മാണം ആരംഭിക്കുന്നതിനായി കരാറുകാരൻ സാധനസാമഗ്രികൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. 31.12.2024 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 5 | Steel wire plant പനയംകോട് ആഞ്ചേരി ഏല കിളിത്തട്ട് വിള പിള്ളവീട് കാവ് തെങ്ങയം റോഡിന്റെ പുനരുദ്ധാരണം | | ടി റോഡിലെ സ്ഥലം ലഭ്യമായ ഭാഗത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും പ്രവൃത്തി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| 6 | പെരിനാട് ഗ്രാമപഞ്ചായത്തിലെ കുണ്ടറ വെറ്റിനറി ഹോസ്പിറ്റൽ ജംഗ് ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റി.സി.എം. ജംഗ് ഷൻ റോഡിന്റെ നിലവാരം ഉയർത്തൽ | | ടി പ്രവൃത്തിയുടെ മെയിൻ റോഡിലെ WMM ഉം BM, BC പ്രവൃത്തിയും സൈഡ് ഇന്റർലോക്ക് പ്രവൃത്തിയും പൂർത്തീകരിച്ചു. ബൈറോഡ് 1 ന്റെ ടാറിംഗ് പ്രവൃത്തിയും ബൈറോഡ് 2 ലെ ഡ്രെയിനിന്റെ സൈഡ് വാൾ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ റോഡ്, ബൈ റോഡ് 1 എന്നീ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ബൈ റോഡ് 3 ന്റെ പ്രവൃത്തി ആരംഭിച്ചു. |
| 7 | പേരയം ഗ്രാമ പഞ്ചായത്തിലെ ക്രിസ്തുരാജ് ജംഗ് ഷൻ സെറാമിക്സ് പൂക്കോയിക്കൽ നീരൊഴുക്കുവിള | | കോടതി വ്യവഹാരമുള്ള ഭാഗവും സ്ഥലം ലഭ്യമാകാത്ത ഭാഗവും ഒഴിവാക്കി പ്രവൃത്തി പൂർത്തീകരിച്ചു. |